**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 15** **07-06-2021 - ൽ മറുപടിയ്ക്ക്**

**വിദേശത്ത് പോകുന്നവർക്കുള്ള കോവിഡ് വാക്സിനേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ,<br>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ യു.എ.ഇ. ഉൾപ്പെടെയുള്ള പല വിദേശരാജ്യങ്ങളിലും പ്രവേശിക്കുന്നതിന് വാക്സിനേഷൻ നിർബന്ധമാക്കിയിരിക്കുന്നതിനാൽ കേരളത്തിൽ നിന്നും ജോലി സംബന്ധമായി വിദേശത്ത് പോകുന്ന പ്രവാസികൾക്കും വിദേശ പഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്കും വാക്സിനേഷന് മുൻഗണന നൽകിയിട്ടുണ്ടെങ്കിലും പ്രായോഗികമായി നടപ്പിലാക്കുന്നതിൽ പ്രയാസങ്ങൾ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പ്രവാസികളുടെ വാക്സിനേഷൻ സുഗമമാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1. വാക്സിനേഷൻ എടുത്ത വിദേശത്ത് പോകുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കും മറ്റുള്ളവർക്കും രണ്ടാമത്തെ ഡോസ് 4 മുതൽ 6 ആഴ്ചയ്ക്കകം എടുക്കാവുന്നതാണ്. 2. പാസ്പോർട്ട് നമ്പർ അടങ്ങുന്ന വാക്സിനേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. 3. അർഹരായിട്ടുള്ളവർക്കു വാക്സിനേഷൻ നൽകുന്നതിന് ജില്ലകളിലെ ഉദ്യോഗസ്ഥർ അപേക്ഷകരുടെ നിലവിലുള്ള വിസ, വിദ്യാർത്ഥികളുടെ അഡ്മിഷൻ വിവരങ്ങൾ അടങ്ങുന്ന രേഖകൾ, വർക്ക് പെർമിറ്റ് അല്ലെങ്കിൽ ജോബ് കൺഫർമേഷൻ രേഖകൾ എന്നിവ പരിശോധിച്ചു ഉറപ്പുവരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരിന്റെ വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി https://covid19.kerala.gov.in/vaccine/ എന്ന വെബ് ലിങ്ക് ആരംഭിച്ചിട്ടുണ്ട്. അത് ഉപയോഗിച്ച് വാക്സിനേഷന് രജിസ്റ്റർ ചെയ്യാവുന്നതും വാക്സിനേഷൻ സർട്ടിഫിക്കറ്റ് download ചെയ്യാവുന്നതാണ്. ഇൻഡ്യയിൽ നൽകിവരുന്ന വാക്സിനുകൾ അന്താരാഷ്ട്ര തലത്തിൽ മനസ്സിലാക്കുന്നതിനായി സർട്ടിഫിക്കറ്റിൽ ഉൽപാദക കമ്പനിയുടെ വിശദാംശവും ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല എല്ലാ വിവരങ്ങളും ഉൾക്കൊള്ളുന്ന QR code കൂടി ടി സർട്ടിഫിക്കറ്റിൽ ഉൾച്ചേർത്തിട്ടുണ്ട്. കൂടാതെ 18 വയസ്സിനു മുകളിലുള്ള എല്ലാവർക്കും priority vaccination – ന് വേണ്ടി രജിസ്റ്റർ ചെയ്യാനുള്ള സൗകര്യവും, ഒരു ഡോസ് വാക്സിൻ സ്വീകരിച്ചവർക്ക് provisional സർട്ടിഫിക്കറ്റും രണ്ട് ഡോസ് വാക്സിൻ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചവർക്ക് final certificate-ഉം download ചെയ്യുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. നിലവിൽ വാക്സിൻ സ്വീകരിച്ച കഴിഞ്ഞവർക്കും ഈ വെബ് ലിങ്കിലൂടെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കാവുന്നതാണ്. ജില്ലാതലത്തിൽ അപേക്ഷ പരിശോധിച്ച് അർഹതപ്പെട്ടവർക്ക് പോർട്ടൽ വഴി തന്നെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. വാക്സിൻ നൽകിയശേഷം e-Health പോർട്ടലിൽ വാക്സിൻ കേന്ദ്രങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തുമ്പോൾ തന്നെ മേൽ സർട്ടിഫിക്കറ്റുകൾ സിസ്റ്റത്തിൽ automatic ആയി ലഭിക്കുന്നതാണ്. ഈ സംവിധാനത്തിലൂടെ പ്രവാസികൾക്കും വിദ്യാർത്ഥികൾക്കും സുഗമമായ അന്താരാഷ്ട്ര യാത്ര ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രവാസികളുടെ വാക്സിനേഷൻ സുഗമമാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1. വാക്സിനേഷൻ എടുത്ത വിദേശത്ത് പോകുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കും മറ്റുള്ളവർക്കും രണ്ടാമത്തെ ഡോസ് 4 മുതൽ 6 ആഴ്ചയ്ക്കകം എടുക്കാവുന്നതാണ്. 2. പാസ്പോർട്ട് നമ്പർ അടങ്ങുന്ന വാക്സിനേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. 3. അർഹരായിട്ടുള്ളവർക്ക് വാക്സിനേഷൻ നൽകുന്നതിന് ജില്ലകളിലെ ഉദ്യോഗസ്ഥർ അപേക്ഷകരുടെ നിലവിലുള്ള വിസ, വിദ്യാർത്ഥികളുടെ അഡ്മിഷൻ വിവരങ്ങൾ അടങ്ങുന്ന രേഖകൾ, വർക്ക് പെർമിറ്റ് അല്ലെങ്കിൽ ജോബ് കൺഫർമേഷൻ രേഖകൾ എന്നിവ പരിശോധിച്ച ഉറപ്പുവരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരിന്റെ വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി https://covid19.kerala.gov.in/vaccine/ എന്ന വെബ് ലിങ്ക് ആരംഭിച്ചിട്ടുണ്ട്. അത് ഉപയോഗിച്ച് വാക്സിനേഷന് രജിസ്റ്റർ ചെയ്യാവുന്നതും വാക്സിനേഷൻ സർട്ടിഫിക്കറ്റ് download ചെയ്യാവുന്നതാണ്. ഇൻഡ്യയിൽ നൽകിവരുന്ന വാക്സിനുകൾ അന്താരാഷ്ട്ര തലത്തിൽ മനസ്സിലാക്കുന്നതിനായി സർട്ടിഫിക്കറ്റിൽ ഉൽപാദക കമ്പനിയുടെ വിശദാംശവും ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല എല്ലാ വിവരങ്ങളും ഉൾക്കൊള്ളുന്ന QR code കൂടി ടി സർട്ടിഫിക്കറ്റിൽ ഉൾച്ചേർത്തിട്ടുണ്ട്. കൂടാതെ 18 വയസ്സിനു മുകളിലുള്ള എല്ലാവർക്കും priority vaccination – ന് വേണ്ടി രജിസ്റ്റർ ചെയ്യാനുള്ള സൗകര്യവും, ഒരു ഡോസ് വാക്സിൻ സ്വീകരിച്ചവർക്ക് provisional സർട്ടിഫിക്കറ്റും രണ്ട് ഡോസ് വാക്സിൻ സ്വീകരിച്ചവർക്ക് final certificate-ഉം download |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. നിലവിൽ വാക്സിൻ സ്വീകരിച്ചു കഴിഞ്ഞവർക്കും ഈ വെബ് ലിങ്കിലൂടെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കാവുന്നതാണ്. ജില്ലാതലത്തിൽ അപേക്ഷ പരിശോധിച്ച് അർഹതപ്പെട്ടവർക്ക് പോർട്ടൽ വഴി തന്നെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. വാക്സിൻ നൽകിയശേഷം e-Health പോർട്ടലിൽ വാക്സിൻ കേന്ദ്രങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തുമ്പോൾ തന്നെ മേൽ സർട്ടിഫിക്കറ്റുകൾ സിസ്റ്റത്തിൽ automatic ആയി ലഭിക്കുന്നതാണ്. ഈ സംവിധാനത്തിലൂടെ പ്രവാസികൾക്കും വിദ്യാർത്ഥികൾക്കും സുഗമമായ അന്താരാഷ്ട്ര യാത്ര ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഏറ്റവും കൂടുതൽ വിദേശ മലയാളികളുള്ള മലപ്പുറം ജില്ലയിൽ ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് വാക്സിനേഷൻ നൽകുന്നതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ; | (സി) | മലപ്പുറം ജില്ലയിൽ 115 ആരോഗ്യ സ്ഥാപനങ്ങളിലെയും വാക്സിനേഷൻ കേന്ദ്രങ്ങളിൽ പ്രവാസികൾക്കും കോവിഡ് വാക്സിൻ ലഭിക്കാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിലെ വാക്സിൻ ലഭ്യത അനുസരിച്ചു വാക്സിനേഷൻ സെന്ററുകളിൽ വാക്സിൻ നൽകി വരുന്നു. ആവശ്യകത അനുസരിച്ച ജില്ലകളിൽ പുതിയതായി വാക്സിനേഷൻ സെന്ററുകൾ ആരംഭിക്കുവാൻ ജില്ലാ ടാസ്ക് ഫോഴ്സിനു അധികാരമുണ്ട്. |
| (ഡി) | ഈ വിഭാഗത്തിൽപ്പെടുന്നവരുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി കൂടുതൽ വാക്സിനേഷൻ സെന്റർ ആരംഭിക്കുന്നതിനും കൂടുതൽ വാക്സിൻ ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | മലപ്പുറം ജില്ലയിൽ 115 ആരോഗ്യ സ്ഥാപനങ്ങളിലെയും വാക്സിനേഷൻ കേന്ദ്രങ്ങളിൽ പ്രവാസികൾക്കും കോവിഡ് വാക്സിൻ ലഭിക്കാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിലെ വാക്സിൻ ലഭ്യത അനുസരിച്ചു വാക്സിനേഷൻ സെന്ററുകളിൽ വാക്സിൻ നൽകി വരുന്നു. ആവശ്യകത അനുസരിച്ച ജില്ലകളിൽ പുതിയതായി വാക്സിനേഷൻ സെന്ററുകൾ ആരംഭിക്കുവാൻ ജില്ലാ ടാസ്ക് ഫോഴ്സിനു അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ